Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2019/1515(29) തീയതി : 17.12.2019

# സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം - സമഗ്ര ഉപയോഗം തുടങ്ങിയ ഹൈടെക് പ്രവർത്തനങ്ങളുടെ വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം 165/2018/പൊ.വി.വ. തിയതി 10.01.2018.

2. സ.ഉ.(സാധാ) നം. 3847/2019/പൊ.വി.വ തീയതി 27.09.2019.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും, ഡിജിറ്റൽ പഠന വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര പോർട്ടൽ തയ്യാറാക്കുകയും പഠനബോധന പ്രവർത്തനങ്ങളിൽ ഇവയുടെ ഉപയോഗവും വിനിയോഗവും സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പിന്റെ (കൈറ്റ്) ചുമതലകളും സ്കൂളധികൃതർ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങളും വിശദമായി ഉൾപ്പെടുത്തിയ ധാരണാപത്രം ഇരുകക്ഷികളും ഒപ്പിട്ട് സമർപ്പിച്ചതിനുശേഷമാണ് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത ധാരണാപത്രത്തിൽ കൈറ്റിന്റെ ചുമതലയായി ഉൾപ്പെടുത്തിയിരിക്കുന്ന ആറാമത്തെ ഇനത്തിൽ സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഉപകരണങ്ങളുടെയും സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗം കൈറ്റിന്റെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ പരിശോധനയ്ക്കും ഓഡിറ്റിംഗിനും വിധേയമാണ്. സൂചന 2 -ലെ ഉത്തരവ് പ്രകാരം വിതരണം ചെയ്ത ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഓരോ വർഷവും പ്രത്യേക ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് നടത്തുവാൻ കൈറ്റിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷത്തെ ഐ.ടി. ഓഡിറ്റ് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. രണ്ടു ഘട്ടങ്ങളിലായാണ് ഓഡിറ്റ് പൂർത്തിയാക്കുക. ആദ്യഘട്ട വിവരശേഖരണം 2019 ഡിസംബർ 20 മുതൽ 2020 ജനുവരി 6 വരെയും രണ്ടാംഘട്ട ഓഡിറ്റിംഗ് 2020 ജനുവരി 8 മുതൽ 30 വരെയും നടത്തേണ്ടതാണ്.

2. ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ 4752 സ്കൂളുകളിലെ മുഴുവൻ അധ്യാപകരും പ്രഥമാധ്യാപകരും ഓൺലൈനായി ഒന്നാംഘട്ട വിവരശേഖരണത്തിൽ പങ്കെടുക്കേണ്ടതാണ്. സമഗ്ര പോർട്ടലിൽ (www.samagra.kite.kerala.gov.in) അധ്യാപകരുടേയും പ്രഥമാധ്യാപകരുടേയും ലോഗിനിൽ ലഭ്യമാക്കുന്ന IT SURVEY & AUDIT എന്ന ലിങ്കിൽ ലഭ്യമാക്കിയിട്ടുള്ള ഹൈടെക് പദ്ധതിയുടെ പുരോഗതി, നടത്തിപ്പ്, പരിപാലനം എന്നിവ സംബന്ധിച്ച ചോദ്യാവലിയുടെ ഉത്തരങ്ങൾ ഓരോരുത്തരും രേഖപ്പെടുത്തേണ്ടതാണ്. അധ്യാപകർക്കും പ്രഥമാധ്യാപകർക്കും പ്രത്യേകം ചോദ്യാവലിയാണ് ലിങ്കിൽ ലഭ്യമാകുക. എല്ലാ അധ്യാപകരും വിവരശേഖരണത്തിൽ പങ്കെടുത്തു എന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതുമാണ്.

VICTERS The Complete Educational Channel victers.itschool.gov.in
Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848

3. രണ്ടാംഘട്ടത്തിൽ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ ആദ്യഘട്ട വിവരശേഖരണത്തിലൂടെ ലഭിച്ച വിവരങ്ങളുടെ (ക്രോഡീകരിച്ച വിവരങ്ങൾ സമഗ്രയിലെ മാസ്റ്റർ ട്രെയിനർ ലോഗിനിൽ IT SURVEY & AUDIT എന്ന ലിങ്കിൽ സബ്ജില്ലാ തലത്തിൽ ലഭിക്കുന്ന) നിജസ്ഥിതി മനസ്സിലാക്കുന്നതിനായി സ്കൂളുകൾസന്ദർശിച്ച് ഓഡിറ്റ് നടത്തേണ്ടതാണ്. ഇതോടൊപ്പം ആ സ്കൂളിലെ തെരഞ്ഞെടുത്ത 10 വിദ്യാർഥികളിൽനിന്നും ഹൈടെക് പദ്ധതിയുടെ ഉപയോഗം, പരിപാലനം എന്നിവ സംബന്ധിച്ച് ഓൺലൈൻ ചോദ്യാവലിയിലൂടെ വിവരശേഖരണവും നടത്തേണ്ടതാണ്.

4. ജില്ലാ കോ-ഓർഡിനേറ്റർമാർ മാസ്റ്റർ ട്രെയിനർമാരുടെ യോഗം ചേർന്ന് സ്കൂൾ സന്ദർശനം സംബന്ധിച്ച ഷെഡ്യൂൾ തയാറാക്കേണ്ടതും ഷെഡ്യൂളിന്റെ പകർപ്പ് സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതും ഷെഡ്യൂളനുസരിച്ച് മാസ്റ്റർ ട്രെയിനർമാർ സ്കൂൾ സന്ദർശനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

5. സ്കൂൾ സന്ദർശന ഷെഡ്യൂൾ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർ അതത് സ്കൂളുകളെ മുൻകൂട്ടി അറിയിക്കേണ്ടതും സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ ഓഡിറ്റ് നടത്താൻ വേണ്ട ക്രമീകരണങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽമാർ ഒരുക്കേണ്ടതാണ്.

6. ഓഡിറ്റിനുശേഷം മാസ്റ്റർ ട്രെയിനർമാർ സമഗ്രയുടെ മാസ്റ്റർ ട്രെയിനർ ലോഗിനിൽതന്നെ ലഭ്യമാക്കിയിട്ടുള്ള സൗകര്യം പ്രയോജനപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ട് ഓൺലൈനായി തയാറാക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതുമാണ്. ജില്ലാ കോ-ഓർഡിനേറ്റർ ടി റിപ്പോർട്ടുകൾ സ്കൂളുകൾക്കും പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കും തുടർനടപടികൾക്കായി നൽകേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖക്കത്ത് സഹിതം
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും } (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
സ്റ്റോക് ഫയൽ